**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1854** **13-02-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്നും അതിൽ ധനസഹായ പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | അനുബന്ധം 1-ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഓരോ പദ്ധതിയിലും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചിലവഴിച്ച തുകയും അറിയിക്കാമോ? | (ബി) | അനുബന്ധം 2-ആയി ചേർക്കുന്നു. പദ്ധതികളിൽ വിവിധ സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണി വികസന പദ്ധതികൾ, അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം എന്നിങ്ങനെ വിവിധ പദ്ധതികൾ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി വിവിധ ധനസഹായങ്ങളും ആനുകൂല്യങ്ങളും നൽകി വരുന്നു.

### I. സ്കോളർഷിപ്പ് പദ്ധതികൾ

1) ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് വേണ്ടിയുള്ള സി.എ/ സി.എം.എ/ സി.എസ് സ്കോളർഷിപ്പ് സ്കീം
2) യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് കോച്ചിംഗ് സ്കീം.
3) IITs, IIM, IISc, IMSc എന്നീ ഉന്നത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
4) 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കുള്ള മാർഗ്ഗ ദീപം സ്കോളർഷിപ്പ് പദ്ധതി
5) പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് .
6) സിവിൽ സർവ്വീസ് ഫീറീഇംബേഴ്സ്മെന്റ് സ്കീം.
7) വിദേശ ഉപരിപഠനത്തിന് വിദ്യാർത്ഥികൾ എടുക്കുന്ന വിദ്യാഭ്യാസ വായ്പയുടെ സബ്സിഡി സ്കോളർഷിപ്പായി അനുവദിക്കുന്ന പദ്ധതി.
8) ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് സ്കീം (സർക്കാർ/എയ്ഡഡ് പോളി ടെക്നിക്കുകളിൽ 3 വർഷ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്)
9) മദർ തരേസ സ്കോളർഷിപ്പ് സ്കീം (നഴ്സിംങ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി)
10) സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് സ്കീം(Non Plan)
11) ഉർദു സ്കോളർഷിപ്പ് അവാർഡ് സ്കീം(Non Plan)

## II. തൊഴിൽ നൈപുണി വികസന പദ്ധതികൾ

1. അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐകളിൽ പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ്സ്കീം.

2.അസാപ്, KITTS, KASE, ODEPEC മുഖേന നൈപുണ്യ പരിശീലന പദ്ധതി

3. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് (പത്താംതരവും, പ്ലസ്ടുവും) വേണ്ടിയുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി.

4. വിവാഹിതരും, വിവാഹ ജിവിതത്തിലേക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുന്നവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് കൗൺസലിംഗ് - പാത്ത് വേ സോഷ്യൽ ലൈഫ് വെൽനസ് പ്രോഗ്രാം

5. ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി

## III. അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ

1.നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി

2.ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ളവിതരണ പദ്ധതി.

## IV. കേന്ദ്രാവിഷ്കൃത പദ്ധതി

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത അടിസ്ഥാന സൗകര്യ വികസന പദ്ധതിയായ പ്രധാൻമന്ത്രി ജനവികാസ് കാര്യക്രം എന്ന പദ്ധതിയും 60:40 അനുപാതതിലുള്ള കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

| ക്രമ നം | പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവഴിച്ചത് 07.02.2025 വരെ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1.a | സി.എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ് | 97 | 0.745 |
| b. | യു. ജി.സി/സി.എസ്.ഐ.ആർ- നെറ്റ് പരിശീലനം | | |
| c. | IITs, IIM, IISc, IMSc എന്നീ ഉന്നത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | | |
| 2.a | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (യു.ജി, പി.ജി) | 714 | 0 |
| b. | സിവിൽ സർവ്വീസ് ഫീ റീ ഇംബേഴ്സ്മെന്റ് സ്കീം | | |
| c. | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | | |
| 3 | മദർതേരസ സ്കോളർഷിപ്പ് | 68 | 0.4838 |
| 4.a | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | 82 | 0 |
| 5a. | ഐ.റ്റി.ഐ - ഫീ റീ ഇംബേഴ്സ്മെന്റ് സ്കീം | 582 | 2 |
| b. | അസാപ് ,കെയ്സ്,,ഒഡേപ്പക് -മുഖേന നൈപുണ്യ പരിശീലന പദ്ധതി | | |

| | | | |
|---|---|---|---|
| 6 | കരിയർ ഗൈഡൻസ് പരിശീലന പരിപാടി | 120 | 38.6 |
| 7 | വിവാഹപൂർവ്വ കൌൺസിലിംഗും സോഫ്റ്റ് സ്കിൽ വികസനവും | 50 | 25.247 |
| 8 | ഇമ്പിച്ചി ബാവ ഭവന/ പുനരുദ്ധാരണ പദ്ധതി | 500 | 172.85 |
| 9 | ആഫീസ് ആധുനികവത്ക്കരണം | 40 | 38.923 |
| 10 | കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ ഒരു ന്യൂനപക്ഷ ഗവേഷണ സ്ഥാപനം സ്ഥാപിക്കൽ | 10 | 0 |
| 11 | ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ ഷെയർ ക്യാപിറ്റൽ | 1000 | 300 |
| 12 | പ്രധാൻമന്ത്രി ജൻ വികാസ് കാരിക്രം (PMJVK) – 40% SS | 4000 | 0 |
| 13 | ന്യൂനപക്ഷ മതവിഭാഗത്തിലെ 1മുതൽ 8 വരെ ക്ലാസുകളിലെ വിദ്ധ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി ('മാർഗ്ഗ ദീപം') | 2000 | 0 |
| 14 | ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി | 500 | 0 |
| | **Total** | **9763** | **578.8488** |

**സെക്ഷൻ ഓഫീസർ**